# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2543** | **08/5/2017** -ലെ മറുപടി

## അയിരൂർ-കാഞ്ഞിറ്റുകര ശുദ്ധജലവിതരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) അയിരൂർ-കാഞ്ഞിറ്റുകര ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എന്നാണെന്ന പറയാമോ; ഇതിന്റെ ആദ്യഘട്ടത്തിനായി എത്ര രൂപയാണ് ചെലവഴിച്ചതെന്നും എന്തൊക്കെ പ്രവൃത്തികളാണ് ഇപ്പോൾ പൂർത്തീകരിച്ചതെന്നും ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്നും വ്യക്തമാക്കാമോ; | (എ) അയിരൂർ കാഞ്ഞിറ്റുകര ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 21/06/2014-ൽ ആരംഭിച്ചു.<br>ഈ പദ്ധതിയുടെ ആദ്യഘട്ടത്തിനായി ഇതുവരെ 338.94 ലക്ഷം രൂപ ചിലവഴിച്ചു.<br>ടി പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ 5 mld ജലശുദ്ധീകരണശാല, ജലശുദ്ധീകരണശാല മുതൽ കാഞ്ഞിറ്റുകര ടാങ്ക് വരെ 200 mm DI ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി, എടപ്പാവൂർ കടവിൽ ഇൻടേക് കിണറിന്റെയും പമ്പ് ഹൗസിന്റെയും നിർമ്മാണം, ഇൻടേക് കിണർ മുതൽ ജലശുദ്ധീകരണശാല വരെയുള്ള റോ വാട്ടർ പമ്പിങ് മെയിൻ, ജലശുദ്ധീകരണശാല മുതൽ തേക്കുങ്കൽ ടാങ്ക് വരെയുള്ള 200mm DI ഗ്രാവിറ്റി ലൈൻ എന്നീ പണികൾ പൂർത്തീകരിച്ചു.<br>സബ്സ്റ്റേഷൻ ബിൽഡിംഗിന്റെയും ഇലക്ട്രിക് സബ് സ്റ്റേഷന്റെയും പമ്പ് സെറ്റുകളുടെയും പ്രവൃത്തികൾ നടന്നുവരുന്നു. |
| (ബി) പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ എന്താണെന്നും ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ; | (ബി) ശുദ്ധീകരണശാലയിലേക്കുള്ള വഴി, കിണർ നിർമ്മിച്ച ഭൂമിയുടെ അതിര് നിർണ്ണയം, പി.ഡബ്ല്യൂ.ഡി അനുമതി എന്നിവ സംബന്ധിച്ചുണ്ടായിരുന്ന തടസ്സങ്ങൾ ബന്ധപ്പെട്ട അധികാരികളുടെ ഇടപെടൽ മൂലം പരിഹരിച്ചിട്ടുണ്ട്. |
| (സി) പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകുമെന്ന് പറയാമോ? | (സി) 2017-ൽ തന്നെ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

JSK/